തദ്ദേശസ്ഥാപനങ്ങളിലെ അംഗസംഖ്യ കൂട്ടൽ: ബിൽ നിയമമായി

തിരുവനന്തപുരം: തദ്ദേശഭരണസ്ഥാപനങ്ങളിലെ അംഗങ്ങളുടെ എണ്ണം ഒന്നുവീതം വർധിപ്പിക്കുന്നതിനുള്ള ബിൽ നിയമസഭ പാസാക്കി. പ്രതിപക്ഷത്തിന്റെ 31 വോട്ടിനെതിരേ 73 വോട്ടിനാണ് ബിൽ നിയമമായത്.

കേരളപഞ്ചായത്ത് രാജ് നിയമവും മുൻസിപ്പാലിറ്റി നിയമവും ഭേദഗതി ചെയ്താണ് വാർഡംഗങ്ങളുടെ എണ്ണം കൂട്ടിയത്. 2011ലെ സെൻസസ് പ്രകാര്യം ജനപ്രാതിനിധ്യം പുനഃക്രമീകരിക്കാനാണ് നിയമം വിഭാവന ചെയ്യുന്നത്.

നിലവിൽ ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും അംഗസംഖ്യ പതിമൂന്നിൽ കുറയാനോ ഇരുപത്തിമൂന്നിൽ കൂടാനോ പാടില്ല. ഇത് പതിനാലിൽ കുറയാനോ ഇരുപത്തിനാലിൽ കൂടാനോ പാടില്ല എന്നാക്കിയാണു മാറ്റിയത്. ജില്ലാ പഞ്ചായത്തിൽ കുറഞ്ഞത് 16, കൂടിയത് 32 എന്നുള്ളത് 17 – 33 എന്നാക്കി. മുനിസിപ്പാലിറ്റിയിൽ 25–52 എന്നത് 26–53 എന്നാകും. കോർപറേഷനിൽ 55–100 എന്നത് 56–101 ആകും.

പുതിയ വാർഡുകൾ നിലവിൽ വരുമ്പോൾ വീട്ടുനമ്പർ മാറില്ലെന്നും സെൻസസ് നടപടികൾക്ക് പ്രശ്നമുണ്ടാകില്ലെന്നും മന്ത്രി ചൂണ്ടിക്കാട്ടി. സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതല്ല തീരുമാനമെന്നും മന്ത്രി പറഞ്ഞു. വോട്ടർപട്ടികയുടെ ജോലി നടക്കുന്ന സന്ദർഭത്തിൽ ഒരു പഞ്ചായത്ത് സെക്രട്ടറിയേയും സ്ഥലംമാറ്റില്ലെന്നും മന്ത്രി പറഞ്ഞു.

കാർഷിക വായ്പ: മൊറട്ടോറിയം മാർച്ച് 31 വരെ

തിരുവനന്തപുരം: കാർഷിക കടങ്ങൾക്ക് 2019 ഡിസംബർ 31 വരെയുണ്ടായിരുന്ന മൊറട്ടോറിയം മാർച്ച് 31 വരെ നീട്ടിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. കാർഷിക വായ്പയുടെ പലിശനിരക്ക്, വായ്പയുടെ സ്വഭാവം, കാലാവധി എന്നിവയ്ക്കനുസരിച്ചാണ് നിജപ്പെടുത്തിയിരിക്കുന്നത്.

കിസാൻ ക്രഡിറ്റ് കാർഡ് വായ്പകളുടെ പലിശയ്ക്കു നിലവിൽ രണ്ടുശതമാനം ധനസഹായവും വായ്പാ തുക പലിശ സഹിതം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് മൂന്നുശതമാനം പലിശയിളവും നൽകുന്നു. ഇതനുസരിച്ച് നാലുശതമാനം മാത്രമാണ് ഹ്രസ്വകാല വായ്പയായി നൽകേണ്ടത്.

കേരളാ കർഷക കടാശ്വാസ കമ്മിഷൻ മുഖാന്തിരം അൻപതിനായിരം രൂപയ്ക്ക് മുകളിലുള്ള കുടിശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരുലക്ഷം രൂപയിൽനിന്നു രണ്ടുലക്ഷമായി വർധിപ്പിച്ചിട്ടുണ്ട്. മൊറട്ടോറിയം കാലഘട്ടത്തിലെ കാർഷിക കടങ്ങളിലെ പലിശയ്ക്കോ അധിക പലിശയ്ക്കോ ഇളവുനൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

റാങ്കുപട്ടികകളുടെ കാലാവധി നീട്ടില്ല

തിരുവനന്തപുരം: സംസ്ഥാനത്ത് 2020 ഏപ്രിൽ ഒന്നുമുതൽ 2021 മാർച്ച് 31 വരെയുള്ള വിവിധ സമയങ്ങളിൽ അവസാനിക്കുന്ന പി.എസ്.സി. റാങ്കുപട്ടികകളുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ടുചെയ്യാൻ വകുപ്പ് മേധാവികൾക്കു നിർദേശം നൽകിയിട്ടുണ്ട്. പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ ഉടൻ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പി.എസ്.സി. പരീക്ഷകളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സൈബർ ക്രൈം വിഭാഗം പരിശീലനം നൽകിവരുന്നുണ്ട്. പോലീസ് സേനയിലേക്കുള്ള എഴുത്തു പരീക്ഷ നടത്തുന്ന ഹാളുകളിൽ സി.സി.ടിവി. ക്യാമറ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല.– മുഖ്യമന്ത്രി പറഞ്ഞു.

മുന്നോക്കക്കാരിലെ സംവരണം ഉടൻ നടപ്പാക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തു മുന്നോക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സർക്കാർ സർവീസിലെ സംവരണം സംബന്ധിച്ച ഉത്തരവ് ഇറങ്ങിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.

പി.എസ്.സിയുമായി ചർച്ചചെയ്ത് ചട്ടഭേദഗതികൾ അവതരിപ്പിച്ച് ഉടൻ നടപ്പാക്കുമെന്നും റോജി എം. ജോണിന്റെ ഉപക്ഷേപത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസിറ്റിക്സ് വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതിയിലുള്ള ജീവനക്കാരുടെ ശമ്പളവിതരണ പ്രശ്നങ്ങൾക്കു പരിഹാരം കാണുമെന്നു കെ.എസ്. ശബരീനാഥന്റെ ചോദ്യത്തിന് പിണറായി മറുപടി നൽകി.

വരൾച്ചബാധിത സംസ്ഥാനമായി ഇപ്പോൾ പ്രഖ്യാപിക്കാനാകില്ല

തിരുവനന്തപുരം: മാനദണ്ഡങ്ങളിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ കേരളത്തെ വരൾച്ചബാധിത സംസ്ഥാനമായി പ്രഖ്യാപിക്കാനാകില്ലെന്നു മന്ത്രി ഇ. ചന്ദ്രശേഖരൻ.

അതിനാൽ കുടിവെള്ള വിതരണത്തിനും മറ്റും ദുരന്തപ്രതിരോധ നിധിയിലെ ഫണ്ട് ഉപയോഗിക്കാനാകില്ല.

കുടിവെള്ളപ്രശ്നം രൂക്ഷമായിടത്ത് സർക്കാർ ഫണ്ടുപയോഗിച്ച് കുടിവെള്ള വിതരണം നടത്തുമെന്നും രാജു ഏബ്രഹാമിന്റെ ഉപക്ഷേപത്തിന് മന്ത്രി മറുപടി നൽകി. ഭൂമിയുടെ ന്യായവില നിർണയത്തിലെ പ്രശ്നങ്ങളിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ നിർദേശംകൂടി പരിഗണിച്ച് നടപടി സ്വീകരിക്കുമെന്നു സി.കെ. ആശയെ മന്ത്രി ചന്ദ്രശേഖരൻ അറിയിച്ചു.

മലപ്പുറം, ചേളാരി സർക്കാർ ഹയർസെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമാണം സമയബന്ധിതമായി നടപ്പാക്കുമെന്നു പി. അബ്ദുൾ ഹമീദിനു മന്ത്രി സി. രവീന്ദ്രനാഥ് മറുപടി നൽകി.

ടീക്ക റാം മീണയുടെ ബാഗിൽനിന്ന് 75,000 രൂപ കവർന്നു

തിരുവനന്തപുരം: സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ടീക്ക റാം മീണയുടെ ബാഗിൽനിന്ന് 75,000 രൂപ കവർന്നു. കഴിഞ്ഞ ഒൻപതിനായിരുന്നു സംഭവം.

ജന്മനാടായ രാജസ്ഥാനിലെ ജയ്പുരിൽനിന്നു ഡൽഹിയിലെത്തി, അവിടെനിന്നു തിരുവനന്തപുരത്തേക്കു മടങ്ങുകയായിരുന്നു മീണ. വീട്ടിലെത്തി ബാഗ് പരിശോധിച്ചപ്പോഴാണു പണം നഷ്ടപ്പെട്ട വിവരമറിഞ്ഞത്. തുടർന്ന് വലിയതുറ പോലീസിൽ പരാതിപ്പെട്ടു.

മോഷണത്തിനു കേസെടുത്തതായും വിമാനത്താവളം അധികൃതരോടു സി.സി. ടിവി ദൃശ്യങ്ങൾ ആവശ്യപ്പെട്ടതായും സി.ഐ: എസ്. അനിൽകുമാർ പറഞ്ഞു.

കടുത്ത ചൂട്: ജോലി സമയം പുനഃക്രമീകരിച്ച് ഉത്തരവായി

തിരുവനന്തപുരം: ഇന്നു മുതൽ ഏപ്രിൽ 30 വരെ പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്കു ഉച്ചയ്ക്ക് 12 മുതൽ മൂന്നു വരെ വിശ്രമവേളയായിരിക്കും. സംസ്ഥാനത്തു പകൽ താപനില കടുത്തതിനാൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയം പുനഃക്രമീകരിച്ചു ലേബർ കമ്മിഷണർ പ്രണബ്ജ്യോതി നാഥ് ഉത്തരവിറക്കി. ഇവരുടെ ജോലി സമയം രാവിലെ ഏഴിനും വൈകിട്ട് ഏഴിനും ഇടയ്ക്ക് എട്ടു മണിക്കൂറായി നിജപ്പെടുത്തികൊണ്ടാണു ഉത്തരവിറക്കിയിരിക്കുന്നത്.

സൂര്യാഘാതത്തിനുള്ള സാഹചര്യമുള്ളതിനാൽ മുൻകരുതലെന്ന നിലയിലാണു തൊഴിൽ സമയം പുനഃക്രമീകരിച്ചത്. രാവിലെയും ഉച്ചയ്ക്കു ശേഷവുമുള്ള ഷിഫ്റ്റുകളിലെ ജോലി യഥാക്രമം ഉച്ചയ്ക്ക് 12ന് അവസാനിക്കുകയും വൈകിട്ട് മൂന്നിന് ആരംഭിക്കുകയും ചെയ്യുന്നവിധം പുനഃക്രമീകരിച്ചു.

സമുദ്രനിരപ്പിൽനിന്ന് 3000 അടിയിലേറെ ഉയരമുള്ള, സൂര്യാഘാതത്തിനു സാധ്യതയില്ലാത്ത, മേഖലകളെ നിയന്ത്രണത്തിന്റെ പരിധിയിൽനിന്നു ഒഴിവാക്കിയിട്ടുണ്ട്. പ്രാദേശിക സാഹചര്യം കണക്കിലെടുത്തു തീയതികളിൽ മാറ്റം വരുത്തേണ്ട സാഹചര്യമുണ്ടെങ്കിൽ റീജണൽ ജോയിന്റ് ലേബർ കമ്മിഷണർമാർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് എന്നിവർ ലേബർ കമ്മിഷണർക്കു റിപ്പോർട്ട് ചെയ്യണമെന്നും ഉത്തരവിൽ പറയുന്നു.

കോതമംഗലം പള്ളിക്കേസ്: സർക്കാരിന്റെ പുനഃപരിശോധനാ ഹർജി തള്ളി

കൊച്ചി: കോതമംഗലം പള്ളിക്കേസുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച പുനഃപരിശോധനാ ഹർജി ഹൈക്കോടതി തള്ളി. കോതമംഗലം ചെറിയപള്ളി ഏറ്റെടുത്ത് ഓർത്തഡോക്സ് വിഭാഗത്തിനു കൈമാറണമെന്ന വിധിക്കെതിരേ സമർപ്പിച്ച പുനഃപരിശോധനാ ഹർജിയാണ് തള്ളിയത്.

പള്ളി ഓർത്തഡോക്സ് വിഭാഗത്തിന് അവകാശപ്പെട്ടതാണെങ്കിലും മൃതദേഹങ്ങൾ സംസ്കരിക്കുന്ന കാര്യത്തിൽ സർക്കാർ വിജ്ഞാപനം ചെയ്ത ഓർഡിനൻസിലെ വ്യവസ്ഥകൾ ബാധകമായിരിക്കുമെന്നു കോടതി വ്യക്തമാക്കി.

പള്ളിയുടെ നിയന്ത്രണം ജില്ലാ കലക്ടർ ഏറ്റെടുത്ത ശേഷം ഓർത്തഡോക്സ് വിഭാഗത്തിനു കൈമാറണമെന്നായിരുന്നു കോടതിയുടെ ഉത്തരവ്. പള്ളിയും സ്വത്തും ജില്ലാ കലക്ടർ ഏറ്റെടുത്ത് കൈമാറണമെന്ന് സുപ്രീംകോടതി ഉത്തരവിൽ ഇല്ലാത്തതിനാൽ ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് നിയമപരമല്ലെന്നായിരുന്നു സർക്കാർ വാദം. യാക്കോബായ വിഭാഗം സമർപ്പിച്ച പുനഃപരിശോധനാ ഹർജിയും ഇതോടൊപ്പം തള്ളി.

പള്ളിഭരണം എത്രയും വേഗം ഏറ്റെടുത്ത് കൈമാറണമെന്നും അല്ലെങ്കിൽ കലക്ടർ നേരിട്ട് ഹാജരാകണമെന്നുമാണ് ഓർത്തഡോക്സ് വൈദികൻ തോമസ് പോൾ റമ്പാൻ സമർപ്പിച്ച ഹർജിയിൽ ഹൈക്കോടതി നേരത്തേ ഉത്തരവിട്ടത്.

'പ്രളയാനന്തര പുനർനിർമാണം: മൂന്നു വർഷം വേണ്ടി വരും'

തിരുവനന്തപുരം: പ്രളയാനന്തര പുനർനിർമാണം എങ്ങുമെത്തിയില്ലെന്ന് ആരോപിച്ച് പ്രതിപക്ഷം നിയമസഭയിൽനിന്ന് ഇറങ്ങിപ്പോയി. സമഗ്ര പുനർനിർമാണത്തിനു മൂന്നുവർഷമെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ മറുപടി.

പ്രളയത്തിൽ തകർന്നവയുടെ പുനരുദ്ധാരണം മാത്രമല്ല ഉദേശിക്കുന്നത്. ഭാവിയിൽ ഏതൊരു പ്രളയത്തെയും നേരിടാനുള്ള സമഗ്രപദ്ധതിയായാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവെന്നും പി.കെ. ബഷീറിന്റെ അടിയന്തരപ്രമേയ അവതരണാനുമതി നോട്ടീസിനു മുഖ്യമന്ത്രി മറുപടി നൽകി.

ലോകബാങ്ക് വായ്പയുടെ ആദ്യ ഗഡുവായ 1750 കോടി രൂപ ഇതിനകം ലഭ്യമാക്കി. രണ്ടാം ഗഡുവിനുള്ള നടപടിക്രമങ്ങൾ തുടരുകയാണ്. 1850 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകി. 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. 1000 കോടി രൂപ ഇപ്പോഴത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി മറുപടി നൽകി.

ഖാദി റിബേറ്റ് കുടിശിക ഉടൻ

തിരുവനന്തപുരം: ഖാദിമേഖലയിലെ റിബേറ്റ് കുടിശിക പൂർണമായി നൽകുമെന്നു മന്ത്രി ഇ.പി. ജയരാജൻ. ആകെ 44 കോടി രൂപയാണു കുടിശിക. ഇതിൽ 10 കോടി കൊടുത്തു. ബാക്കി ഉടൻ നൽകും– രമേശ് ചെന്നിത്തലയുടെ ഉപക്ഷേപത്തിന് മറുപടിയായി മന്ത്രി പറഞ്ഞു.

അടിസ്ഥാനസൗകര്യവികസനം പൂർത്തിയായാൽ മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് പരിഗണിക്കാമെന്നു പി. ഉബൈദുള്ളയ്ക്കു മന്ത്രി കെ.കെ. ശൈലജ മറുപടി നൽകി.

ഭൂമി ഏറ്റെടുക്കൽ ഓഫീസുകളിലെ തസ്തികകളുടെ തുടർച്ചാനുമതിക്കാര്യത്തിൽ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നുള്ള വിശദീകരണം ലഭിക്കുന്ന മുറയ്ക്കു നടപടി സ്വീകരിക്കുമെന്നു സി. ദിവാകരനു മന്ത്രി തോമസ് ഐസക് ഉറപ്പുനൽകി.

അംഗൻവാടി "കം ക്രഷ്" യാഥാർഥ്യത്തിലേക്ക്

തിരുവനന്തപുരം: ഐ.സി.പി.എസ്. പദ്ധതിയുടെ ഭാഗമായി വനിതാ ശിശുവികസന വകുപ്പ് അംഗൻവാടി "കം ക്രഷ്" യാഥാർത്ഥ്യമാക്കുകയാണെന്നു മന്ത്രി കെ.കെ. ഷൈലജ. പൈലറ്റടിസ്ഥാനത്തിൽ 15 അംഗൻവാടി "കം ക്രഷു"കൾക്കാണ് അനുമതി നൽകിയത്. ഇതിനായി 20.59 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകി.

രാവിലെ 8 മുതൽ വൈകിട്ട് 6 മണി വരയാണ് ക്രഷിന്റെ പ്രവർത്തന സമയം. ഇതുമൂലം ജീവനക്കാർക്ക് അമിതഭാരം ഉണ്ടാകാതിരിക്കാൻ അംഗൻവാടി വർക്കറും ഹെൽപ്പറും ക്രഷ് വർക്കറും ഹെൽപ്പറും ഷിഫ്റ്റടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കാനും നിർദേശം നൽകിയിട്ടുണ്ട്. നിശ്ചിത പോഷകമൂല്യങ്ങളുള്ള ഭക്ഷണം, പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരങ്ങളിലെ ലഘുഭക്ഷണം എന്നിവ കുഞ്ഞുങ്ങൾക്ക് നൽകും. ജോലിക്ക് പോകുന്ന അമ്മമാരുള്ള വീടുകളിലെ ആറു മാസം മുതൽ ആറു വയസു വരെ പ്രായമുള്ള കുട്ടികളുടെ പരിചരണവും വികസനവും ഉറപ്പ് വരുത്തുന്നതിനായി അംഗൻവാടിയോടൊപ്പം ക്രഷ് തുടങ്ങണമെന്നു ഐ.സി.ഡി.എസ്. മിഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്തുകളുമായി സഹകരിച്ചാണ് അങ്കണവാടി കം ക്രഷുകൾ യാഥാർത്ഥ്യമാക്കുന്നത്. വിജയകരമെന്നു കണ്ടാൽ കൂടുതൽ അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കേന്ദ്രം വിൽക്കുന്ന പൊതുമേഖല കേരളം ഏറ്റെടുക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്ന കേന്ദ്രനയങ്ങൾക്കെതിരേ അവ ഏറ്റെടുത്തുള്ള ബദൽനയമാണ് കേരളം കൈക്കൊള്ളുന്നതെന്ന് നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ. നിരവധി സ്ഥാപനങ്ങൾ ഇങ്ങനെ ഏറ്റെടുത്തു.

തിരുവനന്തപുരം വിമാനത്താവളം ഏറ്റെടുക്കാനുള്ള ശ്രമം നടക്കുകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കെ. രാജന്റെ ശ്രദ്ധക്ഷണിക്കലിനു മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി. എ.ഐ.സി. വിറ്റുതുലയ്ക്കാനുള്ള നയം രാജ്യത്തെ തകർക്കും. എയർ ഇന്ത്യ, ബി.പി.സി.എൽ വിറ്റഴിക്കാനുള്ള ശ്രമങ്ങൾക്കെതിരേ പ്രതിഷേധം ഉയർന്നുവരണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അതേസമയം, വൃക്കരോഗികളെ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തി പെൻഷൻ നൽകാനാവില്ലെന്ന് മന്ത്രി കെ. കെ. ശൈലജ നിയമസഭയിൽ അറിയിച്ചു. കേന്ദ്ര നിയമപ്രകാരം ഭിന്നശേഷിയുള്ളവരെ മാത്രമേ ആ പട്ടികയിൽ ഉൾപ്പെടുത്താനാകൂവെന്നും റോജി എം. ജോണിന്റെ ശ്രദ്ധക്ഷണിക്കലിനു മന്ത്രി മറുപടി നൽകി. വൃക്കരോഗികൾക്കു രണ്ടുതരത്തിലുള്ള സഹായം സർക്കാർ നൽകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

SREE SANKARA TRUST
Valayachirangara-P.O, Perumbavoor, Ernakulam-683 556.
Phone : 0484 - 2657338
SSV College, Valayanchirangara invites applications for the appointment of permanent faculties in Department of Chemistry.
Asst. Professor in Chemistry - 3 Posts (Open merit)
Age, Qualification, etc.. will be as per the norms of UGC, Govt. of Kerala & M.G. University. Application forms can be obtained from Sree Sankara Trust Office, Valayanchirangara on payment of ₹1,000/- (DD in favour of Secretary, Sree Sankara Trust for ₹1,050/-).
The last date will be the 30th day from the date of notification.
Valayanchirangara, 12-02-2020
Secretary, (Sd/-) Sree Sankara Trust

മലയാള സിനിമയിലൂടെ യാത്ര

ഇനി 3 നാൾ

കൊച്ചി: മലയാള ചലച്ചിത്ര സംവിധായക പ്രതിഭകൾക്ക് ആദരമേകുന്ന മംഗളം ലെജൻഡ്സ് ഓഫ് മലയാളത്തിന് അരങ്ങുണരാൻ ഇനി മൂന്നുദിനം. സംസ്ഥാന അവാർഡ് നേടിയ ചലച്ചിത്ര സംവിധായകരെ ആദരിക്കുന്ന ചടങ്ങ് മലയാള സിനിമയുടെ അരനൂറ്റാണ്ടുകാലത്തേക്കുള്ള ഒരു മടക്കയാത്രകൂടിയാണ്.

മംഗളം ദിനപത്രവും ചലച്ചിത്ര സംഘടനയായ ഫെഫ്കയും ചേർന്നു സംഘടിപ്പിക്കുന്ന കലാസന്ധ്യ 15–ന് അങ്കമാലി അഡ്‌ലക്സ് കൺവൻഷൻ സെന്ററിൽ വൈകിട്ട് 5.30 ന് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി വി. മുരളീധരൻ, മന്ത്രി എ.കെ. ബാലൻ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. മമ്മൂട്ടിയടക്കമുള്ള താരനിരയും ചടങ്ങിനെത്തും. പ്രവേശനം പാസുമൂലം. ചടങ്ങിൽ ആദരിക്കുന്ന സംവിധായകരുടെ പട്ടികയിൽ ചിലർ:

സിബി മലയിൽ

നാൽപതോളം സിനിമകൾ സംവിധാനം ചെയ്തു. 1985–ൽ ഇറങ്ങിയ മുത്താരംകുന്ന് പി.ഒ. ആദ്യ സിനിമ. ചേക്കേറാൻ ഒരു ചില്ല, തനിയാവർത്തനം, വിചാരണ, കിരീടം, ദശരഥം, ഹിസ് ഹൈനസ് അബ്ദുള്ള, മാലയോഗം, ഭരതം, സദയം, കമലദളം, ആകാശദൂത്, ചെങ്കോൽ എന്നിവ ശ്രദ്ധേയ സിനിമകൾ. 2003–ൽ എന്റെ വീട് അപ്പൂന്റേം എന്ന ചലച്ചിത്രത്തിന് മികച്ച സംവിധായകനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു. 1994–ൽ ആകാശദൂത് മികച്ച സിനിമയ്ക്കുള്ള ദേശീയ അവാർഡ് കരസ്ഥമാക്കി. ഭരതം, സദയം എന്നീ സിനിമകൾക്ക് ഫിലിം ഫെയർ സമ്മാനവും ലഭിച്ചു.

ബ്ലെസി

2005–ൽ തന്മാത്ര, 2011–ൽ പ്രണയം എന്നീ ചലച്ചിത്രങ്ങൾക്ക് മികച്ച സംവിധായകനുള്ള സംസ്ഥാന പുരസ്കാരം. തന്മാത്രയ്ക്ക് മികച്ച സിനിമയ്ക്കുള്ള ദേശീയ പുരസ്കാരവും ലഭിച്ചു. കാഴ്ച, പളുങ്ക്, കൽക്കട്ട ന്യൂസ്, ഭ്രമരം, കളിമണ്ണ് എന്നിവ മലയാള സിനിമ ചരിത്രത്തിൽ ഇടംപിടിച്ച സിനിമകൾ. പത്മരാജൻ, ലോഹിതദാസ് എന്നിവരുടെ അസിസ്റ്റന്റ് ഡയറക്ടറായി സിനിമയിലേക്കെത്തി. 2004–ൽ തിരക്കഥയും സംവിധാനവും നിർവഹിച്ച കാഴ്ച ആദ്യ സിനിമ. തിരുവല്ലയിൽ ജനനം. കൊച്ചിയിൽ താമസിക്കുന്നു. ബെന്യാമിന്റെ നോവലിനെ ആസ്പദമാക്കിയുള്ള ആടുജീവിതം എന്ന സിനിമയുടെ പണിപ്പുരയിലാണിപ്പോൾ ബ്ലെസി.

സെമിത്തേരിയിൽ മൃതസംസ്കാരം; ബിൽ നിയമസഭ പാസാക്കി

തിരുവനന്തപുരം: മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് ഓർത്തഡോക്സ്–യാക്കോബായ സഭാ തർക്കം മൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കാനായി സർക്കാർ കൊണ്ടുവന്ന ബിൽ നിയമസഭ ഏകകണ്ഠമായി പാസാക്കി. നിയമത്തിന്റെ പേരിലടക്കം സബ്ജക്ട് കമ്മിറ്റി നിർദേശിച്ച ഭേദഗതികൾ അംഗീകരിച്ചാണു ബിൽ പാസാക്കിയത്.

മൃതദേഹങ്ങളോട് അനാദരവ് കാട്ടുന്ന പ്രവണത കേരളത്തിലുണ്ടാകരുതെന്ന് മുഖ്യമന്ത്രിക്കു വേണ്ടി ബിൽ അവതരിപ്പിച്ച നിയമമന്ത്രി എ.കെ. ബാലൻ പറഞ്ഞു. "ശവം" എന്നതിനു പകരം "മൃതദേഹം" എന്നും "ജ്ഞാനസ്നാനം" എന്നതിനു പകരം "സ്നാനം" എന്നും ഉപയോഗിക്കണമെന്ന നിർദേശമാണു പ്രധാനമായും വന്നത്. ബില്ലിനെ പൊതുവേ സ്വാഗതം ചെയ്തെങ്കിലും ചില വിയോജിപ്പുകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് കെ.സി. ബി.സി. അടക്കമുള്ള ക്രൈസ്തവ സംഘടനകൾ മുഖ്യമന്ത്രിക്കു കത്തു നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലും ബില്ലിൽ മാറ്റങ്ങൾ വരുത്തിയിരുന്നു.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, എം.കെ. മുനീർ എന്നിവർ വിയോജനക്കുറിപ്പ് നൽകിയെങ്കിലും അത് അഭിപ്രായപ്രകടനമായി കണ്ടാൽ മതിയെന്നു ചർച്ചാവേളയിൽ ഇരുവരും പറഞ്ഞു. സഭാമേലധ്യക്ഷന്മാരുടെ അധികാരങ്ങളിൽ സർക്കാർ ഇടപെടില്ലെന്നും മന്ത്രി വ്യക്തമാക്കി.

വോട്ടർ പട്ടിക പുതുക്കൽ: അപ്പീലിൽ നാളെ വിധി

കൊച്ചി: വോട്ടർ പട്ടിക പുതുക്കാൻ ലോക്സഭാ തെരഞ്ഞെടുപ്പിന് ഉപയോഗിച്ച 2019ലെ പട്ടിക മാനദണ്ഡമാക്കണമെന്ന ഹർജി തള്ളിയ സിംഗിൾ ബെഞ്ച് വിധി ചോദ്യംചെയ്ത് ഹൈക്കോടതിയിൽ അപ്പീൽ. ഏതാനും ഉദ്യോഗസ്ഥർക്കുവേണ്ടി ലക്ഷക്കണക്കിന് വോട്ടർമാരെ ബുദ്ധിമുട്ടിക്കരുതെന്നും ഒരു തവണ പേര് ചേർത്തവർ വീണ്ടും പേരു ചേർക്കേണ്ടിവരുന്നത് എന്തിനാണെന്നും അപ്പീൽ പരിഗണിക്കവേ ഡിവിഷൻ ബെഞ്ച് ചോദിച്ചു.

മുസ്ലിംലീഗിനു വേണ്ടി നാദാപുരം നിയോജക മണ്ഡലം പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി, ഫറോക്ക് മുനിസിപ്പാലിറ്റി സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനും മണ്ഡലം വൈസ് പ്രസിഡന്റുമായ പി. ഹാഷിഫ് എന്നിവരാണ് അപ്പീൽ നൽകിയത്.

'കൊറോണ: നിരീക്ഷണഘട്ടം കഴിഞ്ഞവരെ ഒറ്റപ്പെടുത്തരുത്'

തൃശൂർ/തിരുവനന്തപുരം: കൊറോണ നിരീക്ഷണകാലം കഴിഞ്ഞു നിത്യജീവിതത്തിലേക്കു മടങ്ങിവരുന്നവർ രോഗബാധയുടെ സംശയത്തിൽനിന്നു തീർത്തും മുക്തരാണെന്നും അവരെ സമൂഹത്തിൽനിന്നു മാറ്റിനിർത്തുന്ന സാഹചര്യമുണ്ടാകരുതെന്നും ആരോഗ്യവകുപ്പ്.

വിവിധ ജില്ലകളിലായി 3447 പേർ നിരീക്ഷണത്തിലാണെന്നു മന്ത്രി കെ.കെ. ശൈലജ വ്യക്തമാക്കി. ഇവരിൽ 3420 പേർ വീടുകളിലും 27 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 380 സാമ്പിളുകൾ എൻ.ഐ.വിയിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 344 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവാണ്. ബാക്കിയുള്ളവരുടെ ഫലം ലഭിക്കാനുണ്ട്. നിലവിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആരുടേയും ആരോഗ്യനിലയിൽ ആശങ്കയ്ക്കു വകയില്ലെന്നും മന്ത്രി വ്യക്തമാക്കി.

അതിനിടെ, കുന്നംകുളത്തു കൊറോണ സ്ഥിരീകരിച്ചെന്ന വ്യാജ സന്ദേശം അയച്ച കേസിൽ രണ്ടു പേർ കൂടി ഇന്